# കേരള സർക്കാർ

# പൊതു വിദ്യാഭ്യാസ വകുപ്പ്

# നഴ്സറി ടീച്ചേഴ്സ് എഡ്യൂക്കേഷൻ കോഴ്സ് (NTEC)

## പരീക്ഷാ വിജ്ഞാപനം

## ഫെബ്രുവരി 2025

പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം-12

നം.ഇ.എക്സ്/എച്ച്3/100/2025/സി.ജി.ഇ

പരീക്ഷാകമ്മിഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12
തീയതി: **04.02.2025**

# വിജ്ഞാപനം

**വിഷയം:-** **പൊതു വിദ്യാഭ്യാസം പരീക്ഷാഭവൻ - നഴ്സറി ടീച്ചേഴ്സ് എഡ്യൂക്കേഷൻ കോഴ്സ് (NTEC) - ഒന്നും രണ്ടും വർഷ പരീക്ഷ ഫെബ്രുവരി 2025 - സംബന്ധിച്ച്.**

**സൂചന:-** **പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 20/06/2024 ലെ NS(4)/12316/2024/CGE നമ്പർ വിജ്ഞാപനം.**

2024-2026 വർഷത്തെ നഴ്സറി ടീച്ചേഴ്സ് എഡ്യൂക്കേഷൻ കോഴ്സ് ഒന്ന്, രണ്ട് വർഷത്തെ പരീക്ഷകൾ **28/04/2025 മുതൽ 30/04/2025** വരെയുള്ള തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സൂചനപ്രകാരമുള്ളള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും സർക്കാർ പ്രീ-പ്രൈമറിയിലോ, സർക്കാർ അംഗീകാരമുള്ള പ്രീ-പ്രൈമറിയിലോ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. എഴുത്ത് പരീക്ഷയും, നിരന്തര മൂല്യ നിർണ്ണയവും ഒന്ന്, രണ്ട് വർഷത്തെ വിദ്യാർത്ഥികൾക്ക് ഉണ്ടായിരിക്കുന്നതാണ്.

## 1. ഒന്നാം വർഷ പരീക്ഷ

സർക്കാർ പ്രീ-പ്രൈമറിയിലോ, സർക്കാർ അംഗീകാരമുള്ള പ്രീ-പ്രൈമറിയിലോ റഗുലർ ആയി പഠിച്ച് അക്കാദമിക് വർഷം നിശ്ചിത ഹാജർ ലഭിച്ച കുട്ടികൾക്ക് പരീക്ഷ എഴുതാവുന്നതാണ്.

ഒന്നാം വർഷം പരീക്ഷ എഴുതി വിജയിക്കാത്ത വിഷയങ്ങൾ രണ്ടാം വർഷം പഠിക്കുമ്പോൾത്തന്നെ വീണ്ടും (re-appearance) എഴുതാവുന്നതാണ്. കൂടാതെ രണ്ടു വർഷം പൂർത്തിയാക്കിയ ശേഷവും വിജയിക്കാത്ത വിഷയങ്ങളുണ്ടെങ്കിൽ ആ വിഷയങ്ങൾ പ്രൈവറ്റ് ആയി എഴുതാവുന്നതാണ്. ഇപ്രകാരം പരീക്ഷ എഴുതുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. (Annexure 1).

**ഒന്നാം വർഷ പരീക്ഷയുടെ വിഷയം, സമയദൈർഘ്യം, സ്കോർ എന്നിവ ചുവടെ ചേർക്കുന്നു.**

| Paper | Subjects | Duration in hours | Maximum Score | |
|---|---|---|---|---|
| | | | Written Examination | C.E |
| I | Philosophical and Sociological Foundations of Early Childhood Education | 2½ | 100 | 12 |
| II | Child Development and Psychology Part I | 2½ | 100 | 12 |
| III | Child Development and Health | 2½ | 100 | 12 |

## 2. രണ്ടാം വർഷ പരീക്ഷ

2024 വർഷം നടത്തിയ നഴ്സറി ടീച്ചേഴ്സ് എഡ്യൂക്കേഷൻ കോഴ്സിന്റെ ഒന്നാം വർഷ പരീക്ഷയിൽ പങ്കെടുത്തവർക്ക് മാത്രമേ രണ്ടാം വർഷ പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളൂ. കൂടാതെ റഗുലർ ആയി പഠിച്ചവരും നിശ്ചിത ഹാജർ അക്കാദമിക് വർഷത്തിൽ ഉള്ളവരും ആയിരിക്കണം. 2023-2025 വർഷത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നേടിയവരും ആയിരിക്കണം.

മുൻ വർഷങ്ങളിൽ രണ്ടാം വർഷ പരീക്ഷ എഴുതി വിജയിക്കാത്തവർക്ക് വിജയിക്കാത്ത വിഷയം പരീക്ഷ എഴുതാവുന്നതാണ്. ഇപ്രകാരം പരീക്ഷ എഴുതുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. (Annexure 1).

**രണ്ടാം വർഷ പരീക്ഷയുടെ വിഷയം, സമയദൈർഘ്യം, സ്കോർ എന്നിവ ചുവടെ ചേർക്കുന്നു.**

| Paper | Subjects | Duration in Hours | Maximum Score | |
|---|---|---|---|---|
| | | | Written Examination | C.E |
| IV | Child Development and Psychology Part II | 2½ | 100 | 12 |
| V | Child Development and Curriculum | 2½ | 100 | 12 |
| VI | Child Activities and Methods | 2½ | 100 | 24 |

എഴുത്ത് പരീക്ഷയ്ക്കും നിരന്തര മൂല്യ നിർണ്ണയത്തിലും പാസ്സാകുന്നതിനായി "സി" ഗ്രേഡ് ലഭിച്ചിരിക്കണം. **ഏതെങ്കിലും കാരണവശാൽ പഠിക്കുന്ന അക്കാദമിക വർഷം നടത്തുന്ന പരീക്ഷയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാതെ വന്നാൽ അടുത്ത വർഷത്തെ പരീക്ഷയിൽ പങ്കെടുക്കണമെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവോടുകൂടി മാത്രമേ പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.**

ഒന്ന്, രണ്ട് വർഷത്തെ പരീക്ഷയുടെ ടൈംടേബിൾ

| Date | Day | Time | Subject |
|---|---|---|---|
| 28/04/2025 | Monday | **9:45 am to 12:30pm** | Paper III<br>Child Development and Health |
| 29/04/2025 | Tuesday | **9:45 am to 12:30pm** | Paper II<br>Child Development and Psychology (Part I) |
| 30/04/2025 | Wednesday | **9:45 am to 12:30pm** | Paper I<br>Philosophical and Sociological foundations of early childhood Education |
| 28/04/2025 | Monday | **1:45pm to 4:30pm** | Paper VI<br>Child Activities and Methods |
| 29/04/2025 | Tuesday | **1:45pm to 4:30pm** | Paper V<br>Child Development and Curriculum |
| 30/04/2025 | Wednesday | **1:45pm to 4:30pm** | Paper IV<br>Child Development and Psychology (Part II) |

***ആദ്യത്തെ പതിനഞ്ച് മിനിട്ട് "cool-off time" ആണ്.***

## 3. പരീക്ഷയ്ക്ക് വേണ്ടി രജിസ്റ്റർ ചെയ്യുന്ന വിധം.

വിദ്യാർത്ഥികളുടെ പരീക്ഷാ രജിസ്ട്രേഷൻ ഓൺലൈനായിട്ടാണ് ചെയ്യേണ്ടത്. www.ntecexam.kerala.gov.in എന്ന വെബ്സൈറ്റിലെ സ്കൂൾ ലോഗിനിലൂടെയാണ് നിർവഹിക്കേണ്ടത്. സ്കൂൾ ലോഗിനിലെ PRE-EXAMINATION EVENTS ലെ EXAM REGISTRATION എന്ന സബ് മെനുവിലെ REGULAR എന്ന ലിങ്കിലൂടെയാണ് പരീക്ഷ എഴുതാൻ അർഹരായ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ നടത്തേണ്ടത്.

Attendance Entry നടത്തണം. Attendance Condonation ലഭിച്ചിട്ടുള്ളവരുണ്ടെങ്കിൽ പ്രസ്തുത ഓർഡറിന്റെ വിവരങ്ങൾ രേഖപ്പെടുത്തി Continue ബട്ടൺ ക്ലിക്ക് ചെയ്താൽ പരീക്ഷയുടെ തിയറി പേപ്പറിന്റെയും സി.ഇ. പേപ്പറുകളുടെയും വിവരങ്ങൾ ദൃശ്യമാകുന്നതാണ്. ടി വിവരങ്ങൾ പരിശോധിച്ച് Apply Exam ബട്ടൺ ക്ലിക്ക് ചെയ്യണം.

ഇത്തരത്തിൽ അപേക്ഷിച്ചശേഷം Verify Subjects എന്ന ലിങ്കിലൂടെ ഓരോ വിദ്യാർത്ഥിയുടെയും രജിസ്റ്റർ നമ്പർ നൽകി പരീക്ഷ എഴുതുന്ന പേപ്പറുകൾ വെരിഫിക്കേഷൻ നടത്തണം. ആയതിലേക്ക് Verify all Subjects എന്ന ബട്ടൺ ക്ലിക്ക് ചെയ്യണം.

പ്രൈവറ്റ് വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ EXAM REGISTRATION സബ് മെനുവിലെ PRIVATE REGISTRATION എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യണം.

## 4. പരീക്ഷാഫീസ് ഘടന :-

| നമ്പർ | വർഷം | പരീക്ഷാഫീസ് | തുക | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|
| 1 | രണ്ടാം വർഷം | റഗുലർ | 50 | 0202-01-102-99 Examination |
| 2 | രണ്ടാം വർഷം | പ്രൈവറ്റ് രജിസ്ട്രേഷൻ | 15 | |
| 3 | രണ്ടാം വർഷം | മാർക്ക് ലിസ്റ്റ് | 40 | 0202-01-102-92 other receipts |
| 4 | രണ്ടാം വർഷം | ഫൈനോടു കൂടി | 10 | 0202-01-102-92 other receipts |

(എ) പരീക്ഷാഫീസ് മേൽ സൂചിപ്പിച്ചിട്ടുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽ ഏതെങ്കിലും ട്രഷറിയിൽ അടച്ച് ആയതിന്റെ അസ്സൽ അപേക്ഷയോടൊപ്പം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറെ ഏൽപ്പിക്കേണ്ടതാണ്.

(ബി) ഫീസ് അടച്ചു കഴിഞ്ഞാൽ ഈ തുക തിരികെ നൽകുകയോ മറ്റ് ക്രമീകരണങ്ങൾ നടത്തുകയോ ചെയ്യുന്നതല്ല.

(സി) രണ്ടാം വർഷത്തെ പരീക്ഷകൾ ആദ്യമായി എഴുതുന്നതിന് പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർ, മറ്റ് അർഹരായ വിഭാഗത്തിൽപ്പെട്ടവർക്ക് പരീക്ഷാഫീസ് അടയ്ക്കേണ്ട ആവശ്യമില്ല.

(ഡി) റഗുലർ/പ്രൈവറ്റ് വിദ്യാർത്ഥികൾ പരീക്ഷാഫീസ്/മാർക്കിലിസ്റ്റിന്റെ ഫീസ് എന്നിവ അടയ്ക്കേണ്ടത് പഠിച്ച സ്ഥാപനത്തിന്റെ മേധാവിയുടെ പേരിലാണ്. വിദ്യാർത്ഥികൾ സ്വന്തം പേരിൽ പരീക്ഷാഫീസ് അടയ്ക്കുവാൻ പാടില്ല. ഇത്തരം ചെല്ലാനുകൾ സ്വീകരിക്കുന്നതല്ല.

## 5. ലിസ്റ്റ് തയ്യാറാക്കുന്ന വിധം :-

ഓൺലൈനായി പരീക്ഷാ രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ ലിസ്റ്റ് Exam Registered Report–ലൂടെ പ്രിന്റ് എടുക്കാവുന്നതാണ്.

## 6. നിരന്തര മൂല്യ നിർണ്ണയത്തിന്റെ മാർക്ക് :-

നിരന്തര മൂല്യ നിർണ്ണയത്തിന്റെ മാർക്ക് **14/03/2025** ന് മുൻപായി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും നിർദ്ദിഷ്ട തീയതിക്കുള്ളിൽ ഓൺലൈനായി C.E.Mark Entry എന്ന ലിങ്കിലൂടെ രേഖപ്പെടുത്തുകയും വേണം.

## 7. പ്രാക്ടിക്കൽ പരീക്ഷ:-

2025 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പ്രാക്ടിക്കൽ പരീക്ഷ നടത്തുന്നതാണ്. സ്ഥാപന മേധാവി, ബോർഡ് ചെയർമാൻ, കൺവീനർ, മെമ്പേഴ്സ് എന്നിവർ സാക്ഷ്യപ്പെടുത്തി ആവശ്യമായ സീലുകൾ രേഖപ്പെടുത്തി കൺവീനറെ ഏൽപ്പിക്കേണ്ടതാണ്. പ്രാക്ടിക്കൽ പരീക്ഷയുടെ ടൈം ടേബിൾ പിന്നീട് അറിയിക്കുന്നതാണ്.

## 8. അഡ്മിഷൻ ടിക്കറ്റ് :-

വിദ്യാർത്ഥികളുടെ ഹാൾടിക്കറ്റ് വെബ്സൈറ്റിൽ നിന്നും സ്കൂൾ ലോഗിൻ മുഖേന ലഭിക്കുന്നതാണ്.

**Note**:- *ഓൺലൈൻ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## 9. പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ :-

1. പരീക്ഷാർത്ഥികൾ അപേക്ഷാഫാറം ശ്രദ്ധാപൂർവം വായിച്ച് ശരിയായ രീതിയിൽ പൂരിപ്പിച്ച് പ്രിൻസിപ്പാളിനെ ഏൽപ്പിക്കേണ്ടതാണ്.
2. പരീക്ഷാർത്ഥികൾ പരീക്ഷ തുടങ്ങുന്നതിന് 15 മിനിട്ട് മുൻപായി പരീക്ഷാഹാളിൽ ഹാജരാകേണ്ടതാണ്.
3. പരീക്ഷ തുടങ്ങി അര മണിക്കൂറിന് ശേഷം വരുന്നവരെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.
4. പരീക്ഷാ സമയം കഴിയുന്നതിനു മുൻപ് ആരേയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ അനുവദിക്കുന്നതല്ല.
5. പരീക്ഷ എഴുതി വിജയിച്ച വിഷയം വീണ്ടും പരീക്ഷയെഴുതി മെച്ചപ്പെടുത്താൻ അനുവദിക്കുന്നതല്ല.

## 10. പരീക്ഷയിൽ കൃത്രിമം കാണിക്കൽ :-

മറ്റ് പരീക്ഷാർത്ഥികളുടെ പരീക്ഷപേപ്പർ നോക്കി എഴുതുക, നോക്കി എഴുതാൻ അനുവദിക്കുക, എഴുതിയതോ പ്രിന്റ് ചെയ്തതോ ആയ രേഖകൾ പരീക്ഷാഹാളിൽ കൈവശം വയ്ക്കുക, മറ്റ് പരീക്ഷാർത്ഥികളുമായി ചർച്ച ചെയ്ത് എഴുതുക, ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടുകൂടി പരീക്ഷ എഴുതുക എന്നിവ പരീക്ഷയിൽ കൃത്രിമം കാണിക്കലാണ്. ഇത്തരം ക്രമക്കേടുകൾ ചെയ്യുന്നവരെ ഉടൻതന്നെ പരീക്ഷാ ഹാളിൽ നിന്ന് പുറത്താക്കുകയും ഉന്നത ഉദ്യോഗസ്ഥരെ വിവരം അറിയിക്കുകയും, അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

## 11. ഉത്തരക്കടലാസുകളുടെ സൂക്ഷ്മ പരിശോധന :-

പരീക്ഷാഫലം പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷാഫാറം "0202-01-102-92 other receipts" അടച്ച് 25/- രൂപയുടെ ചെലാൻ സഹിതം പരീക്ഷാ സെക്രട്ടറിക്ക് അടയ്ക്കേണ്ടതാണ്. (Annexure – III)

## 12. പ്രധാന വിവരങ്ങൾ :-

| | | |
|---|---|---|
| 1 | **പരീക്ഷാഫീസ്/ മാർക്ക് ലിസ്റ്റിന്റെ ഫീസ് അടയ്ക്കേണ്ട അവസാന തീയതി** | **27/02/2025** |
| 2 | **പരീക്ഷാഫീസ്/ മാർക്ക് ലിസ്റ്റിന്റെ ഫീസ് ഫൈനോടുകൂടി അടയ്ക്കേണ്ട അവസാന തീയതി** | **04/03/2025** |
| 3 | **ബന്ധപ്പെട്ട രേഖകൾ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി** | **10/03/2025** |
| 4 | **ഹാൾടിക്കറ്റ് ചീഫ് സൂപ്രണ്ട് പരീക്ഷാർത്ഥികൾക്ക് നൽകേണ്ട തീയതി** | **15/03/2025** |

**പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.**

# NURSERY TEACHER EDUCATION COURSE


പരീക്ഷാ രജിസ്ട്രേഷൻ ഓൺലൈൻ പ്രവർത്തനങ്ങൾ:

നിർദ്ദേശങ്ങൾ

(വെബ്സൈറ്റ്www.ntecexam.kerala.gov.in)

## PPTTI ലോഗിൻ ചെയ്യുന്ന വിധം

വെബ് ബ്രൗസറിൽ www.ntecexam.kerala.gov.inനൽകുമ്പോൾ താഴെപ്പറയുന്ന പേജ് ദൃശ്യമാകുന്നതാണ്.




പ്രസ്തുത പേജിൽ ലോഗിൻടൈപ്പ് PPTTI എന്ന് സെലക്ട് ചെയ്ത് PPTTI Code, User Name, Password എന്നിവ നൽകി ലോഗിൻ ചെയ്യണം.

പരീക്ഷാഭവനിൽ നിന്നും ലഭ്യമാകുന്ന Default Password ഉപയോഗിച്ച് ആദ്യമായി ലോഗിൻ ചെയ്യുമ്പോൾ പുതിയ പാസ് വേർഡ് സെറ്റ് ചെയ്യുന്നതിനുള്ള പേജ് ദൃശ്യമാകുന്നതാണ്. പുതിയ പാസ് വേർഡ് സെറ്റ് ചെയ്തു കഴിഞ്ഞാൽ വീണ്ടും ലോഗിൻ ചെയ്യേണ്ടതായി വരും.

തുടർന്ന് സ്ഥാപനമേധാവിയുടെ വിവരങ്ങൾ, സ്ഥാപനത്തിന്റെ വിവരങ്ങൾ, Staff details എന്നിവ നൽകി **SAVE and INITIATE** ചെയ്യണം.

## I. ഒന്നാം വർഷ പ്രവേശനം നേടിയ വിദ്യാർഥികളുടെ രജിസ്ട്രേഷൻ

PPTTI ലോഗിനിലെ PRE-EXAM EVENTS മെനുവിലെ Candidate Details എന്ന സബ് മെനുവിൽ ലഭ്യമായിട്ടുള്ള Registration മെനുവിൽ ക്ലിക്ക് ചെയ്ത് പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്. എട്ട് ഘട്ടങ്ങളിലൂടെയാണ് Candidate Registration പൂർത്തികരിക്കേണ്ടത്.

രജിസ്ട്രേഷൻ പേജിന്റെ PartI ൽ വിദ്യാർത്ഥിയുടെ അഡ്മിഷൻ നമ്പർ, പേര് (എസ്.എസ്.എൽ.സി/തത്തുല്യസർട്ടിഫിക്കറ്റിൽ ഉള്ളതുപോലെ), ജെൻഡർ എന്നിവ നൽകണം.

Part II അദ്ധ്യാപനപരിചയത്തിൽ പ്രായപരിധിയിൽ ഇളവ് ലഭിക്കാൻ അർഹതയുണ്ടെങ്കിൽ ആയതു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യേണ്ടതാണ്.

Part IIIൽ വിദ്യാർത്ഥിയുടെ ജാതി, കാറ്റഗറി, മതം, പൗരത്വം, , എന്നിവ രേഖപ്പെടുത്തണം. (പ്രവേശനത്തിൽ കാറ്റഗറിക്ക് അനുസൃതമായ ഇളവുകൾ ഉള്ളതിനാൽ ജാതി, മതം, കാറ്റഗറി മുതലായവ വളരെ കൃത്യതയോടെ രേഖപ്പെടുത്തണം)

Part IVൽ പഠനമാധ്യമം, പിതാവിന്റെ പേര്, രക്ഷകർത്താവിന്റെ പേര്, മാതാവിന്റെ പേര് എന്നിവ രേഖപ്പെടുത്തണം.

Part Vൽ ജനനതീയതി(എസ്.എസ്.എൽ.സി/തത്തുല്യസർട്ടിഫിക്കറ്റിൽ ഉള്ളതുപോലെ)

Part VIൽ സംസ്ഥാനയുവജനോത്സവത്തിന്റെ മെറിറ്റോറിയസ് പ്രകടനത്തിന് കീഴിൽ മാർക്ക് ഇളവ് യോഗ്യത ഉണ്ടെങ്കിൽ കാറ്റഗറി (പാട്ട്/നൃത്തം/നാടകം) സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യുക.

Part VIIൽ എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യതാപരീക്ഷയുടെ വിവരങ്ങൾ (വർഷം, രജിസ്റ്റർ നമ്പർ) നൽകണം. കൂടാതെ PPTTI പ്രവേശനത്തിനായുള്ള യോഗ്യതാസർട്ടിഫിക്കറ്റിലെ വിവരങ്ങൾ നൽകണം. പ്രവേശനത്തിന് Qualifying Examination, Degree ആണ് തെരഞ്ഞെടുക്കുന്നതെങ്കിൽ വിവിധ ഡിഗ്രികോഴ്സുകളും, subject കളും select Box ൽ ലഭ്യമായിരിക്കുന്നതിൽ നിന്നും സെലക്ട് ചെയ്യാവുന്നതാണ്. പ്രവേശന യോഗ്യതയായി സെലക്ട് ചെയ്യുന്നത് PLUS TWO, VHSE, OTHER EQUIVALENT COURSES ആണെങ്കിൽ മാർക്ക് ശതമാനം ഉൾപ്പെടെയുള്ള Qualifying Examination വിവരങ്ങൾ നൽകണം.

Part VIIIൽ ഫീസ് ഇളവിനെ സംബന്ധിച്ച വിവരം ദൃശ്യമാകുന്നതും, ആധാർ സംബന്ധിച്ച വിവരങ്ങൾ, അഡ്രസ്സ്, മൊബൈൽ നമ്പർ, വിദ്യാർഥികളുടെ നിർദ്ദിഷ്ഠ മാനദണ്ഢത്തിലുള്ള ഫോട്ടോ (സ്ഥാപനത്തിൽ പ്രവേശനം നേടിയ ശേഷമുള്ള ഫോട്ടോ ആയിരിക്കണം. കൂടാതെ 150x200 pixel, 20 KB മുതൽ 30 KB വരെ വലിപ്പത്തിലുള്ള jpg/jpeg ഫോർമാറ്റിലുള്ള ഫോട്ടോയും ആയിരിക്കണം.

എട്ട് ഘട്ടമായി വിവരങ്ങൾ കൃത്യതയോടെ നൽകിയശേഷം Preview Button ക്ലിക്ക് ചെയ്യുക. വിദ്യാർത്ഥി വിവരങ്ങൾ ഒരിക്കൽകൂടി ദൃശ്യമാകുന്നതാണ്. ടി വിവരങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ Edit ബട്ടൺ ക്ലിക്ക് ചെയ്ത് തിരുത്തലുകൾ വരുത്താവുന്നതാണ്. അല്ലെങ്കിൽ Save ബട്ടൺ ക്ലിക്ക് ചെയ്ത് വിദ്യാർത്ഥി വിവരങ്ങൾ സേവ് ചെയ്യണം. ഇത്തരത്തിൽ എല്ലാവിദ്യാർത്ഥികളുടെയും വിവരങ്ങൾ എന്റർ ചെയ്ത് സേവ് ചെയ്ത ശേഷം സ്ഥാപനമേധാവി Pre Exam Events ലെ Candidate Details സബ്മെനുവിലെ confirmation എന്ന മെനുവിലൂടെ കൺഫർമേഷൻ പൂർത്തിയാക്കണം. കൺഫർമേഷൻ പൂർത്തീകരിച്ചശേഷം യാതൊരുവിധ തിരുത്തലുകളും സാധ്യമല്ല. കൺഫർമേഷനുശേഷം DDE List മെനുവിൽ നിന്നും വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ട റിപ്പോർട്ട് ലഭിക്കുന്നതാണ്. **25/02/2025** വൈകിട്ട് **5** മണിക്കുള്ളിൽ DDE ൽ ലിസ്റ്റ് സമർപ്പിക്കണം.

## I. ഒന്ന്, രണ്ട് വർഷ പരീക്ഷാ രജിസ്ട്രേഷൻ

PRE-EXAM EVENTS മെനുവിന്റെ സബ്മെനുവായ Exam Registration ൽ നിന്നും Regular Registration എന്ന സബ്മെനുവിലൂടെയാണ് പരീക്ഷാരജിസ്ട്രേഷൻ ചെയ്യേണ്ടത്. വിദ്യാഭ്യാസ ഉപഡയറക്ടർ അംഗീകരിച്ച ലിസ്റ്റിൽ നിന്നും യോഗ്യരായ വിദ്യാർത്ഥികളെയാണ് പരീക്ഷക്ക് രജിസ്റ്റർ ചെയ്യേണ്ടത്. Regular Registration മെനുവിൽ ക്ലിക്ക് ചെയ്യുമ്പോൾ പഠനവർഷം സെലക്ട് ചെയ്യാനുള്ള സൗകര്യം ലഭിക്കുന്നതാണ്. പഠനവർഷം സെലക്ട് ചെയ്ത് രജിസ്റ്റർ നമ്പർ നൽകുമ്പോൾ വിദ്യാർത്ഥികളുടെ പേരും, അഡ്മിഷൻ നമ്പറും, ജനനതീയതിയും, പഠനവർഷവും ദൃശ്യമാകുന്നതാണ്. വിദ്യാർത്ഥിയെ ഉറപ്പാക്കിയശേഷം Attendance Entry നടത്തേണ്ടതാണ്. ആകെ പഠന ദിവസങ്ങളും, ആകെ ഹാജരായ ദിവസങ്ങളും നൽകി OK ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ 'ഹാജർശതമാനം' കാണിക്കുന്നതാണ്. നിശ്ചിത ശതമാനം ഹാജരുള്ള പക്ഷം Continue ചെയ്യണം. ഹാജർകുറവ് കാണിക്കുകയാണെങ്കിൽ Condonation Order ഉണ്ടെങ്കിൽ ഓർഡർ നമ്പർ, തീയതി എന്നീ വിവരങ്ങൾ നൽകി Continue ചെയ്യാവുന്നതാണ്. Continue ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ പ്രസ്തുത വിദ്യാർത്ഥിയുടെ Theory Papers ന്റെയും CE Paper ന്റെയും വിശദാംശങ്ങൾ കാണാവുന്നതാണ്. വിഷയങ്ങൾ പരിശോധിച്ച് Apply Exam ബട്ടൺ ക്ലിക്ക് ചെയ്യുക. എല്ലാ വിദ്യാർത്ഥികളുടെയും പരീക്ഷാരജിസ്ട്രേഷൻ കഴിഞ്ഞശേഷം Exam Registration മെനുവിന്റെ അടുത്ത സബ് മെനുവായ Verify Subjects ലിങ്കിലൂടെ പഠന വർഷം, രജിസ്റ്റർ നമ്പർ എന്നിവ നൽകി അപേക്ഷിച്ച വിഷയങ്ങൾ ഒരിക്കൽ കൂടി പരിശോധിച്ച് ഉറപ്പാക്കി "Verify All Paper" എന്ന ബട്ടൺക്ലിക്ക് ചെയ്ത് വെരിഫിക്കേഷൻ പൂർത്തീകരിക്കണം.

രജിസ്ട്രേഷൻ, വെരിഫിക്കേഷൻ എന്നീ രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കിയ പഠിതാക്കൾക്കു മാത്രമേ പരീക്ഷാ ഹാൾടിക്കറ്റുകൾ ലഭ്യമാകുകയുള്ളൂ.

തുടർന്ന് Attendance Checklist ഉം Exam Registered Report ഉം പ്രിന്റ് എടുത്ത് സൂക്ഷിക്കാവുന്നതാണ്. Exam Registered Report B1 റിപ്പോർട്ടിന് പകരമായി ഉപയോഗിക്കേണ്ടതാണ്.

## II. Activity Schedule

| | | |
|---|---|---|
| **1. Candidate Registration** | : | **21/02 /2025** |
| **2. Candidate Confirmation** | : | **24/02/2025** |
| **3. DDE Verification of Candidates** | : | **27/02/2025** |
| **4. Exam Registration & Verification** | : | **04/03/2025** |
| **5. Exam Verification Completion** | : | **10/03/2025** |
| **6. CE Mark Entry (Institute)** | : | **14/03/2025** |
| **7. Hall Ticket Publication** | : | **15/03/2025** |

## III. Help Desk

സംശയ നിവാരണത്തിനായി പരീക്ഷാഭവനിൽ ബന്ധപ്പെടാവുന്നതാണ്.

| | | |
|---|---|---|
| Phone No | : | 0471-2546832 /833 |
| Email | : | ntechelpdesk@gmail.com |

**പരീക്ഷാ കമ്മീഷണർ**

## ANNEXURE – I

## THE FIRST AND FINAL YEAR NURSERY TEACHER'S EDUCATION COURSE EXAMINATION – 2025

### APPLICATION FORM

### (Private and Re-appearing Candidates Only)

1. Name of Candidate :
2. Full address to which communications are to be sent :
3. Name of Centre :
4. Religion & Caste :
5. Sex :
6. Date of Birth :
7. Name of Parent/Guardian :
8. Period of Training :
9. Name of Training School :
10. Register Number and year of previous appearance, if any :
11. Language for the Subject :
12. Subject for which now appear :
13. Amount of fee remitted :

I hereby declare that the particulars furnished are correct and that I will abide by the rules now in force or those to be brought into effect here after in respect of the examination.

Date: Signature of the Candidate.

Place:

Certified that the entries made in the application have been verified with the school records and found correct.

Place:

Name & Signature of the head of Training School.

*(School Seal)*

*(Identification certificate should be submitted along by Private Candidates along with the application)*

**ANNEXURE – II**

**GENERAL EDUCATION DEPARTMENT**

**THE FIRST AND FINAL YEAR NURSERY TEACHERS' EDUCATION COURSE EXAMINATION – 2025**

**Identification Certificate**

**(Regular Candidates)**

Passport Size Photo

1. Name of Candidate :

2. Address :

Attesting Officer (Head of Institution) should sign across the Photograph

3. Name, designation and officer of the attesting officer :

4. Signature of the Candidate :
   (To be signed in the presence of the Identifying Officer)

I ........................................................................ hereby attest the signature and photograph of Sri/Smt. ........................................................................ who is a candidate for the Nursery Teachers' Education Course Examination – 2025.

Signature of the attesting Officer

(Head of Institution)

Place:

Date:

*(Office Seal)*

**ANNEXURE – III**

## THE FIRST AND FNAL YEAR NURSERY TEACHERS’

## EDUCATION COURSE EXAMINATION – 2025

**APPLICATION FOR SCRUTINY OF VALUED ANSWER SCRIPTS**

1. Name of Candidate :
2. Register Number :
3. Full address to which communications are to be sent :
4. Name of Centre :
5. Details of papers applied for Scrutiny may be finished below.

| **Sl.No** | **Name of Paper** | **Mark secured** |
|---|---|---|
| 1 | | |
| 2 | | |
| 3 | | |

6. Name of PPTTI :

7. Amount of fee remitted :

Place:

Date: Signature of the Candidate

Certified that the entries made in the application have been verified with the Institute records and found correct.

Place:

Date:

Name & Signature of the head of PPTTI

(Seal)